**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്ന് 1.87 കോടി രൂപ അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം ബസ് ടെർമിനൽ നിർമ്മാണം നടത്തുന്നതിനായി soil test നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി നടത്താൻ തീരുമാനിച്ചിരുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ, കെട്ടിടം പൊളിച്ച് മാറ്റുവാൻ കഴിഞ്ഞില്ല. ആയതിനാൽ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം നേരിടുന്നു. |
| (ബി) | പ്രസ്തുത ബസ് ടെർമിനൽ നിർമ്മാണത്തിന്റെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുവേണ്ടി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പഴയ കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയൂ എന്നതിനാൽ മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാത്ത സാഹചര്യത്തിൽ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | ടെണ്ടർ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിപുലമായ പരസ്യം നൽകി വീണ്ടും ടെണ്ടർ ക്ഷണിച്ച് കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പഴയ കെട്ടിടം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ടെണ്ടർ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിപുലമായ പരസ്യം നൽകി വീണ്ടും ടെണ്ടർ ക്ഷണിച്ച് കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ